Kalary.com
A companionship of Kalari Kurup/Panicker Community residing across the world
Plot no. 235/2, Sector No. 4-A, Gandhinagar - Gujarat 382006
Click
http://www.kalary.com

# News Letter

# ന്യൂസ് ലെറ്റർ

സെപ്തമ്പർ 2013

## മുഖപ്രസംഗം

### കളരിക്കുറുപ്പ്(പണിക്കർ) പൈതൃകമുള്ള സമുദായമല്ലേ?

“മഹാ പൈതൃകമുള്ള ഒരു ജന വിഭാഗമാണ്, ഹൈന്ദവ സമൂഹത്തിന്റെ പകുതിയോളം വരുന്ന ഈഴവരെന്ന് പ്രമുഖ ചരിത്രാധ്യാപകനായ ഡോ. കെ.ജയപ്രസാദ് അഭിപ്രായപ്പെട്ടു. എസ്.എൻ.ഡി.പി. യോഗത്തിന്റെ എൽത്തുരുത്ത്, തിരുവഞ്ചിക്കുഴം, പാലിയംതിരുത്ത് ഭാഗങ്ങളിലെ ശാഖാ യോഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ എൽ ത്തുരുത്ത് സുബ്രഹ്മണ്യ ക്ഷേത്രം ഊട്ടുപുരയിൽ സംഘടിപ്പിച്ച ഈഴവ ചരിത്ര സെമിനാറിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.”

ഒരു പ്രമുഖ മലയാള ദിനപത്രത്തിൽ വന്ന വാർത്തയാണിത്. ഈ പ്രസ്താവനക്കൊപ്പം ഈഴവ സമുദായത്തിന് അപചയം സംഭവിക്കുന്നത് 16-17 നൂറ്റാണ്ടുകളിലാണെന്ന് അദ്ദഹം പ്രസംഗത്തിൽ കൂട്ടിച്ചേർത്തുവെന്നും പത്രവാർത്ത പറയുന്നു. എന്നാൽ 16-17 നൂറ്റാണ്ടുകളിലാണ് ഉത്തര അത്യുത്തര കേരളത്തിൽ തിയ്യർ വിഭാഗത്തിന് സാമൂഹിക ഉന്നമനം ലഭിക്കുന്നത് അതിന് ഉദാഹരണമാണ് വടക്കൻ പാട്ടുകളും പാട്ടുകളിലെ വീരനായകന്മാരും. ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും 15-ാം നൂറ്റാണ്ടിനു ശേഷമാണ് വടക്കൻ പാട്ടുകൾ ഉദയം ചെയ്തതെന്നു കാണാം.

അംഗ സംഖ്യയിൽ ഹൈന്ദവരിൽ പകുതിയോളം വരുന്ന ഈഴവർ സർക്കാരിൽ ഈ വിഭാഗം സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലാണെന്ന് ബോധിപ്പിച്ച് അംഗസംഖ്യയുടെ പേരിൽ ഭാരതത്തിന്റെ പരമോന്നത കോടതിയുടെ തീരുമാനം ചൂണ്ടികാട്ടി പ്രത്യേക സംവരണം നേടിയെടുത്തിട്ടുണ്ട്. സർക്കാരിന്റെ സംവരണാനുകൂല്യങ്ങൾകൊണ്ട് വിദ്യാഭ്യാസപരമായും തൊഴിൽപരമായും ഈ വിഭാഗം സവർണ്ണ വിഭാഗങ്ങളുടെ തുലനതയിൽ മുന്നിലെത്തി നിൽക്കുന്നു.

ഇന്ന് കേരളത്തിനകത്തും പുറത്തുമായി സമസ്ത മേഖലകളിലും ഈഴവ വിഭാഗം മുന്നിലാണ് നിൽക്കുന്നത്. ഈ മുന്നേറ്റത്തിന് മറ്റു പല ഘടകങ്ങളും കാരണമായി ചൂണ്ടി കാണിക്കാവാൻ അവർക്കു കഴിയും.

ഒന്നൊ രണ്ടോ നൂറ്റാണ്ടു മുമ്പു വരെ സവർണ്ണരായ നായരുടെ മുന്നിൽ തീണ്ടപ്പാടകലം തെറ്റിച്ചാൽ തൽക്ഷണം നായർ ഈഴവന്റെ തലവെട്ടുമായിരുന്ന അവസ്ഥയായിരുന്നു നിലനിന്നിരുന്നത്. പൊതുവെ കായിക അദ്ധ്വാന പ്രവർത്തികളും കള്ളുചെത്തും ജന്മികളുടെ കുടിയാന്മാരും അടിമകളുമായി വർത്തിച്ചിരുന്ന ഈഴവർ ഇന്ന് സവർണ്ണ പ്രമുഖരായ നായരോടൊത്തു പൊതു വേദികൾ പങ്കിടുവാൻ മാത്രം സാമൂഹികമായും രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും ഭരണപരമായും ഉയർന്നിരിക്കുന്നു.

ഒരുവശത്ത് സർക്കാരിന്റെ മുന്നിൽ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും അവർ വളരെ പിന്നോക്കത്തിലാണെന്ന് സമർത്ഥിക്കുകയും മറുവശത്ത് ഈഴവ സമുദായ അംഗങ്ങളിൽ ആത്മ ധൈര്യം പകരുവാനുതകുന്ന രീതിയിൽ ഉയർന്ന ചരിത്ര-സാംസ്കാരിക പൈതൃകങ്ങൾ വരച്ചുകാട്ടി അവരിലെ അപകർഷതാ ബോധം ലഘൂകരിക്കുകയും ഏതൊരു ജനവിഭാഗത്തേയും അഭിമുഖീകരിക്കുവാനുതകുന്ന മനോധൈര്യം കൂട്ടായ്മയിലൂടെ, കൂട്ടായ പ്രവർത്തനത്തിലൂടെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

ഈഴവ സമുദായ ചരിത്രം, എ സോഷ്യൽ ഹിസ്റ്ററി ഓഫ് എന്നിങ്ങനെയുള്ള ചരിത്ര സാംസ്കാരിക സാമൂഹിക പരിവർത്തന പുസ്തകങ്ങൾ ഈ വിഭാഗത്തിന്റെ ആത്മ ധൈര്യം ഉണർത്തുവാനും സാമൂഹിക സ്ഥാനം ഉണ്ടായിരുന്നുവെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു.

ഈഴവ സമുദായ നേതാക്കളുടെ ഈ ചാതുര്യവും ചടുലതയും കുശാഗ്ര ബുദ്ധിയും മറ്റും അല്പ സംഖ്യരായ പിന്നോക്ക വിഭാഗങ്ങൾ പഠിക്കേണ്ടതും സമുദായ അംഗങ്ങളുടെ ആത്മധൈര്യം ഉണർത്തുവാൻ പ്രേരണ നൽകേണ്ടതുമാണ്.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന വിഭാഗത്തിലെ പ്രമുഖരായിരുന്ന തളിക്കുളം ടി.കെ. രാമകൃഷ്ണൻ പണിക്കർ , പ്രൊഫസർ കെ.കെ. ഭാസ്കരൻ (മരത്താക്കര) എന്നിവരെക്കൂടാതെ മറുനാടൻ മലയാളിയായ മുകുന്ദൻ കുറുപ്പും 2006നു മുൻപേ ഈ സമുദായത്തെക്കുറിച്ചുള്ള പ്രാഥമീക വിവരണങ്ങൾ നൽകുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കെ.കെ.ഭാസ്കരന്റെ പുസ്തക പ്രചരണത്തിനായി അദ്ദേഹത്തിന്റെ പിന്തലമുറക്കാർ നന്നേ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ സമുദായം ആഗ്രന്ഥങ്ങളിലെ ചരിത്ര പ്രതിപാദനങ്ങളൊ ആചാരാനുഷ്ഠാന ക്രമങ്ങളൊ പ്രചരിപ്പിക്കുവാൻ ശ്രമിച്ചതില്ല.

ഈ പുസ്തകങ്ങളെ കൂടാതെ വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ കളരികളെക്കുറിച്ചും കളരി ആചാര്യന്മാരെക്കുറിച്ചും രാമചന്ദ്രൻ വടക്കേടത്ത്, പുരുഷോത്തമൻ പണിക്കർ - കറത്തുള്ളി, കാക്കശ്ശേരി ഉണ്ണിപ്പണിക്കർ എന്നിവർ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലേഖനങ്ങൾ കണ്ടതായിപ്പോലും സമുദായ അംഗങ്ങൾ നടിക്കുന്നില്ല.

9-ാം നൂറ്റാണ്ടോടെ ചേരരാജ്യത്ത് രൂപപ്പെട്ട ഒരു ജനവിഭാഗമാണ് കളരികളുള്ള കുറുപ്പ് പണിക്കർ എന്ന വിഭാഗം. ഈ വിഭാഗം ഏതു ജനവിഭാഗത്തിൽ നിന്നും രൂപപ്പെട്ടുവെന്നതിന് പ്രാധാന്യമർഹിക്കുന്നില്ല. രൂപപ്പെട്ടതിനു ശേഷം ആര്യ-ദ്രാവിഡ സംസ്കാരം സമന്വയിപ്പിച്ച് തനതായ ഒരു കളരി സംസ്കാരത്തിന് ഉടമയായവരാണ് ഈ വിഭാഗം .

ജാതീയമായും സാമൂഹികമായും നൂറ്റാണ്ടുകളായി ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്രാഹ്മണർ പോലും തങ്ങളുടെ യുവാക്കൾക്കിടയിൽ സ്വസമുദായ സംസ്കാരവും ചരിത്രവും അവസരോചിതമായി ബോധവൽക്കരണം നടത്തുന്നുണ്ട്. അതിനായി സാംസ്കാരിക ചർച്ചകളും സംവാദങ്ങളും നടന്നു വരുന്നു.

നായർ, ഈഴവർ എന്നി സമുദായങ്ങളും അവസരോചിതായി സംവാദങ്ങളും വിഷയാസ്പതമായി ചർച്ചകളഉം നടത്തിവരുന്നുണ്ട്. വളരെയധികം പ്രത്യേകതകളുള്ള ഈ ജന വിഭാഗത്തെ അടുത്തറിയുവാനും അറിഞ്ഞവ യുവതലമുറക്ക് കൈമാറുവാനും സമുദായ പ്രമുഖർ ഇനിയെങ്കിലും മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

- എഡിറ്റോറിയൽ

# Classic Malayalam

(ശ്രേഷ്ഠം മലയാളം)

23rd May 2013, is an important day as far as Malayalees all over the World are concerned. Malayalam Language was given the status of a Classical Language by Union of India. Malayalam is the latest to be recognized as a Classical Language in South India and joins rank with Sanskrit, Tamil, Kannada and Telugu Languages who were earlier conferred the Classical Status.

The only hurdle that Malayalam Language faced earlier was that the language was believed to be of a much recent origin in any ways not older than 1500 years. Citing the above reasons, Kendra Sahitya Academy had earlier denied the Classical Status to Kerala. There are some rare occasions in the political history of Kerala, when we identify ourselves as Malayalee s alone, cutting across whether we are a Hindu or Christian or whether we belong to UDF or LDF. When it came to the matter of our representation for Malayalam, it was one of those rare occasions. The opposition and the ruling party at the start of the initiative and on the date of the successful pronouncement of classical status to Malayalam had swapped their roles, during the intervening period. But that did not prevent any of them from focusing on their representation for Classical status to Malayalam Language. Ultimately this has led to winning Classical Status for Malayalam Language.

While we accept the fact that Malayalam is a classical Language, it also entails us to rewrite the History of Kerala and its origins. It also necessitates us to unlearn what we have studied about the origin of Malayalam as a Language and also relearn the new research findings based upon which Malayalam Language was awarded Classical Status by the Union Government.

It was hitherto believed that Malayalam is a derivative of Tamil Language and cannot have a history extending more than 1500 years. In the sculptures of Chakravarty Ashoka there is an engraving “Keralam” which establishes that Malayalam existed as an individual Language in B.C 277-300. The “Puliman Kombu Veerakkal Likhitham” also establishes the oldness of the Language since the grammatical uniqueness of Malayalam Literature seen in Puliman Kombu becomes relevant only in Malayalam Language and takes the history of Malayalam to 1$^{st}$ Century BC . Kerala also produced Archeological excavations belonging to 2$^{nd}$ A.D. Malayalam was the mode of communication used in those excavated objects. The sculptures in Nilambur-Nedumkayam, believed to be of 5$^{th}$ Century B. C is also written in Malayalam. One of the most important claims of Malayalam Language representatives is that SANGHA period Literature for which Tamil Literature has their possessive claims, owes 40% of its words and Grammar to Malayalam. Sangha period literature hence is not a Literary work purely in Tamil but has employed a mix of literary tendencies which is also influenced by Malayalam Language also. It is written in a Moola-Dravida Bhasha slang. Tamil and Malayalam developed into independent language in due course and hence the claim for classic Language status cannot be enjoyed by Tamil alone. All these proofs establish the fact that our Malayalam is more than 2000 years old in the making. Our panel of eminent Linguists and historians headed by Historian G.M.S Narayanan and the proud custodian of Malayalam Literature Sri O N V Kurup was able to prove this with the aid of several proofs to the deciding Committee and is worth special mention.

The oldest available book on Grammar Tholkkappia explains various rules of formation of Grammar and Malayalam is the only Language to which more than 40% of the grammatical maxims or interpretations are applicable. The submissions before the commission deciding that Malayalam has a classical origin has resulted in Big volumes of Thesis, worth serious study into the Contents and further analysis of the facts mentioned therein.

Till now, we have related the great epic “Chilappathikaram” as a masterpiece of Tamil Literature only. In the thesis book presented by Kerala, we were able to prove with facts and supporting evidences that Malayalam Language too is a partner in the making of that Literary work. The author of Chilappathikaram was Elangovadikal who is the younger brother of the then reigning Chera Chakravorthy, was based out of the Cultural Capital of Chera Dynasty, now a part of Kodungaloor in Kerala. Our Team for Malayalam were able to establish that many words which were used in that great epic was not a part of Tamil Language but a part of the common dialect in Malayalam.

So what emerges from all this historical revelations is that Malayalam has a much older story to tell that what most of us think. I think that these historical evidences in favor of Malayalam as a Language also establishes as to why some of Literature is found to be in Malayalam, when at a period, Malayalam was not discovered as an Independent Language.\

So let us be proud of the fact that we are a Malayali and let us do our bit in promoting Malayalam.

**- Manoj Kalarikkal, Mumbai**

## SAD DEMISE

KALARIKULA SAMPATH SHRI. K R SUNDARA PANICKER (THOLANNUR KALARI), PRESIDENT OF KALARI PANICKER WELFARE SANGHAM TAMIL NADU, COIMBATORE & FOUNDER PRESIDENT OF KALARI CHARITABLE TRUST, EXPIRED ON 1ST SEPTEMBER, 2013 (SUNDAY).

He is a well known Astrologer in South India and has been conferred with the prestigious title of KALARI KULA SAMPTH by KPWS, Coimbatore considering his contribution to the betterment of Kalari Panicker Community and Vedic Astrology. He has owned various other awards and honorariums from various social and cultural associations.

We pray the almighty that may the departed soul rest in peace.

- KALARY DOT COM

# വൈദ്യകലാനിധി ഡോ. ടി.എൻ. സുകുമാരൻ ശതാഭിഷിക്തനാകുന്നു



ആയുർവേദ വൈദ്യസേവന രംഗത്ത് ആറുപതിറ്റാണ്ടിലേറെ അനുഭവവും പരിചയവുമുള്ള വ്യക്തിയായ വൈദ്യകലാനിധി ഡോ. ടി.എൻ. സുകുമാരൻ ആയിരം പൂർണ്ണ ചന്ദ്രനെകണ്ട നിറവിൽ സകുടുംബം സന്തോഷം പങ്കിടുകയാണ്.

സീനിയർ മെഡിക്കൽ ഓഫീസറായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ഡോ. സുകുമാരൻ ശതാഭിഷേക ആഘോഷം 2013 ആഗസ്റ്റ് 22-ാം തിയതി വ്യാഴാഴ്ച്ച പാഴൂർ പടിപ്പുരയിൽ ബന്ധുമിത്രാദികളോടൊപ്പം ആഘോഷിച്ചു. ശതാഭിഷ ആഘോഷത്തിൽ പല രാഷ്ട്രീയ പ്രമുഖരും ഗണിക/കണിയാൻ സമുദായ സംഘടനാ നേതാക്കളും പങ്കെടുത്തു.

കൊട്ടാരക്കര തൃക്കണ്ണമംഗലത്ത് നാരായണൻേറയും ലക്ഷ്മിയുടേയും മകനായി 1924-ൽ ജനിച്ചു. തിരുവനന്തപുരം ആയൂർവേദ കോളേജിൽ നിന്നും വൈദ്യകലാനിധി ബിരുദം നേടി. കുട്ടനാട്ടിലെ ചമ്പക്കുളം സർക്കാർ ആയുരവ്വേദ ആശുപത്രിയിൽ ഭിഷഗ്വരനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഡോ. സുകുമാരൻ മൂവ്വാറ്റുപുഴ, തൊടുപുഴ, പിറവം എന്നിവിടങ്ങളിൽ സേവനം നടത്തിയിട്ടുണ്ട്.

കേരളത്തിലെ ജ്യോതിഷ വിഭാഗമായ കണിയാന് അനന്യത നൽകുന്ന പൈതൃകം ഉറങ്ങുന്ന തറവാടാണ് പാഴൂർ പടിപ്പുര. ഐതീഹ്യങ്ങളിലും നാടോടി കഥകളിലും നിറഞ്ഞു നിൽക്കുന്ന പുരാതനമായ ഈ തറവാട് 19 തലമുറകൾ കൈമാറി വന്ന പാരമ്പര്യം അവകാശപ്പെടുന്നു. ഡോ. സുകുമാരനും വൈദ്യ സേവനത്തിനു പുറമെ പാരമ്പര്യ ജ്യോതിഷവും കൈകാര്യം ചെയ്യുന്നുണ്ട്.

പാഴൂർ പടിപ്പുരയുടെ വാസ്തവികത നേരിട്ടറിയുവാൻ എത്തിയ ബുധ-ശുക്രന്മാരുടെ സാന്നിദ്ധ്യം ഇന്നും ഈ പടിപ്പുരയിൽ അനുഭവപ്പെടുന്നുവെന്ന് അനുഭവസ്ഥർ പറയുന്നു. പാഴൂർ പടിപ്പുരയുമായി ബന്ധപ്പെട്ട് ഒട്ടനവധി ഐതീഹ്യങ്ങൾ നിലനിൽക്കുന്നുണ്ട്. കണിയാന്മാരുടെ ജ്യോതിഷ പ്രശസ്തിക്കുകാരണ ഭൂതനായ ഭട്ടത്തിരിയുടെ കഥയും അതിലൊന്നുമാത്രമാണ്.

ഡോ. സുകുമാരന് മംഗളാശംസകൾ നേരുന്നു. അദ്ദേഹത്തിന് ശരീര സൗഖ്യത്തോടെ ദീർഘ നാൾ പാമ്പര്യ ജ്യോതിഷത്തിലൂടേയും വൈദ്യസേവനത്തിലൂടേയും സമൂഹത്തെ സേവിക്കുവാൻ കഴിയട്ടെ. (സ്രോതസ്സ് - ധർമ്മവേദി - തിരുവനന്തപുരം)

## അഷ്ടമിരോഹിണി




ശ്രീ കൃഷ്ണൻെറ ജന്മ ദിനമായി ഹൈന്ദവ സമൂഹം ആചരിക്കുന്ന, ആഘോഷിക്കുന്ന ഒരു ഉത്സവ ദിവസമാണ് അഷ്ടമിരോഹിണി. ഭാരതത്തിലെ സമസ്ത ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും വിശേഷ പൂജകളും ആഘോഷങ്ങളും ഈ ദിവസത്തിൽ നടത്തിവരുന്നു. ദ്വാരക, അമ്പാടി/വൃന്ദാവനം എന്നിവിടങ്ങളിലെ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും പ്രത്യേക പൂജകളും ആഘേആഷങ്ങളും നടത്തിവരുന്നുണ്ട്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഹൈന്ദവർ പൊതുവെ ശ്രീകൃഷ്ണ ജയന്തിയുടെ അന്ന് ചൂടുള്ള ഭക്ഷണം കഴിക്കാറില്ല. ഏവരുംതലേദിവസം വൈകുന്നേരം തന്നെ അഷ്ടമിരോഹിണി നാളിലേക്കുള്ള ഭാക്ഷണം തയ്യാറാക്കി വയ്ക്കുകയാണ് പതിവ്.

കേരളത്തിൽ ഏറ്റവും പ്രശസ്ത ശ്രീ കൃഷ്ണ ക്ഷേത്രമായ ഗുരുവായൂർ ശ്രീ കൃഷ്ണ ക്ഷേത്രത്തിൽ ഈ വർഷവും വർണ്ണ ശബളമായ ആഘോഷം നടന്നു. ഗുരുവായൂർ ക്ഷേത്ര നടവഴികളിൽ കൃസൃതിച്ചിരിയുമായി ഉണ്ണിക്കണ്ണന്മാരും ഗോപികമാരും അഷ്ടമിരോഹിണി ഘോഷയാത്ര നടത്തിയത് അതീവ മനോഹമായ കാഴ്ചയായിരുന്നു.

ഗുരുവായൂർ നായർ സമാജത്തിൻെറ നേതൃത്വത്തിലുള്ള അഷ്ടമിരോഹിണി ആഘോഷ കമ്മിറ്റിയുടെ ഘോഷ യാത്ര അഷ്ടമി രോഹിണി നാളിൽ രാവിലെ മ്മിയൂർ ക്ഷേത്രസന്നിധിയിൽ നിന്നുമാണ് ഘോഷയാത്ര ആരംഭിച്ചത്. ക്ഷേത്രമുറ്റത്തി സപ്ത വർണ്ണങ്ങളിൽ പൂക്കളം തീർത്ത് അതിന ു ചുറ്റും ജീവത എഴുന്നള്ളത്തുകാർ ചുവടുവെച്ച് ദേവീദേവന്മാർ പല്ലക്കിൽ എഴുന്നുള്ളുന്നു വെന്ന സങ്കല്പത്തിലുള്ള ജീവത എഴുന്നള്ളത്ത് നടത്തി. ഈ പ്രത്യേക എഴുന്നള്ളപ്പ് അഷ്ടമി രോഹിണി നാളിൽ ഗുരുവായൂരിൽ മാത്രം കാണുന്ന ഒന്നാണ്.

യുവ നർത്തകിമാരായ മീരാ ശ്രീനാരായണനും നന്ദന ദേവദാസും കൃഷ്ണ വേഷമിട്ട് ഗോപികമാരോപ്പം ഉറിയാടിയും ഗോപികാനൃത്തവുമായി ഘോഷയാത്രയിൽ പങ്കെടുത്തു. ഗുരുവായൂർ ക്ഷേത്രനടയിൽ നടന്ന ഉറിയടിയിൽ വിശിഷ്ടാതിഥികൾ പലരും പങ്കെടുത്തു.

### അപ്പൻ തമ്പുരാൻ പുരസ്കാര ജേതാവ് ശ്രീ രാജൻ കോട്ടപ്പുറത്തിന് അഭിനന്ദനങ്ങൾ



തുമ്പിമോളുടെ അമ്മ എന്ന നോവലിന് അപ്പൻ തമ്പുരാൻ സ്മാരക പുരസ്കാരം ശ്രീ രാജൻ കോട്ടപ്പറത്തിന് 2012-ൽ ലഭിച്ചു. ബാല സാഹിത്യ കാരൻ എന്ന നിലയിൽ സാഹിത്യ ലോകത്ത് അറിയപ്പെടുന്ന ശ്രീ രാജൻ കോട്ടപ്പുറം കീഴ്ത്തുള്ളി കളരിക്കൽ അംഗമാണ്.

സംസ്ഥാന തല പുരസ്കാരം ലഭിച്ച ശ്രീ രാജൻ കോട്ടപ്പുറത്തിന് വിശ്വ ബ്രാഹ്മണ സഭ, എസ്.എൻ.ഡി.പി., എം.ഇ.എസ്. എന്നി സമുദായസംഘടനകൾ സമയോജിതമായി ആദരിച്ചു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന സമുദായത്തിലെ അംഗമെന്ന നിലയിൽ ബന്ധപ്പെട്ട സംഘടനയൊ സമുദായ പ്രമുഖരൊ ഇദ്ദേഹത്തെ അഭിനന്ദിക്കുവാൻ /അനുമോദിക്കുവാൻ ഇതുവരെ മുന്നോട്ടു വന്നിട്ടില്ല.

മരണ ശേഷം റീത്തു സമർപ്പികയെന്നൊരു കൃത്യ നിർവ്വഹണം മാത്രമാണൊ പ്രമുഖരെ ആദരിക്കുവാൻ നാം കൈക്കൊള്ളേണ്ടത്? ജീവിച്ചിരിക്കുമ്പോൾ ഒരു വാക്കുകൊണ്ടെങ്കിലും അവരെ അനുമോദിക്കുവാൻ നമുക്ക് ആത്മാർത്ഥയുണ്ടാവണം.

# തിരുവോണം മലയാള മഹോത്സവം

മാവേലി തമ്പുരാനെ വരവേൽക്കുന്നൊരോണം
മാലോകരാഘോഷിക്കും മലയാളമഹോത്സവം
മതതത്വങ്ങളെല്ലാമേവർക്കുമൊരുപോലെ
മതിയിൽ തെളിഞ്ഞീടാൻ പ്രാർത്ഥിക്കാം നമുക്കൊന്നായ്

പുതുവത്സരം പിറന്നാലാദ്യമായ്തെയ്തെടുക്കും
പതിവായി കറ്റകെട്ടിച്ചുമടായ് വരുന്നേരം
വീട്ടിലെ മുത്തശ്ശിമാരി ഭദ്രദീപവുമായി
വീട്ടിലെ മുറ്റത്തു നിൽക്കുന്നാദരപൂർവ്വം ഭക്ത്യാ

അന്ന രാജാവും മഹാസലക്ഷ്മിയും ചേർന്നുവന്നു
എന്നേക്കുമായിട്ടല്ലോ നമ്മുടെ ഗൃഹാന്തികേ
വന്നു കേറുന്ന നേരം ഐശ്വര്യം വിളയാടി
നിന്നിടും ഭവനത്തിനുള്ളിലെ സങ്കല്പമായ്

ആരാനുമോർക്കുന്നുണ്ടോ നിറയും പൂത്തിരിയും
നേരിട്ടു കാണ്മാനുള്ള ഭാഗ്യവും നഷ്ടമായി
പുത്തരിച്ചോറിൽ തേരുംപത്തിലക്കറികളും
ഒത്തു തൻ കുടുംബങ്ങളൊന്നിച്ചു ഭക്ഷിക്കുമ്പോൾ

ആത്മ സംതൃപ്തി നേടാനാർത്തിയായ് പോയകാലം
ഓർത്തുനിൽക്കുന്നു നമ്മളൊക്കെയും സ്വപ്നം പോലെ
പുതുവർഷാരംഭത്തിൽ പൊന്നോണ ചിങ്ങമാസെ
പുതുവർഷത്തെയോർക്കുന്നാബാലവൃദ്ധന്മാരും
പുവട്ടി കഴുത്തിലിട്ടോടുന്ന കൊച്ചുങ്ങളാൽ
പുവിളി മുഴക്കുന്നോരാഘോഷമെല്ലാടവും
നടുമുറ്റത്തു നൻായരിമാവണിഞ്ഞതിൽ
തൃക്കാക്കരപ്പനേയും പൂജിക്കും പുലർകാലേ

വില്ലുകൊട്ടുന്നു ചിലർ പൂക്കളമൊരുക്കുന്നു
ഉള്ളിൽ നിന്നുയരുന്നു ആനന്ദമാഘോഷങ്ങൾ
കസവിൻ വസ്ത്രം ചുറ്റി മാങ്കമാരാടിപ്പാടി
കുളിക്കും കുമ്മിയാട്ടം ഒർക്കുമ്പോൾ മനോഹരം

വെറ്റിലപ്പാക്കും ചുണ്ടിൽ കൗതുകനിറം ചാർത്തി
നെറ്റിയിൽ പൊട്ടും ചാർത്തി കെട്ടഴിഞ്ഞുള്ള കൂന്തൽ
കളിക്കും മത്സരത്തിൽ പാട്ടുകൾ പാടിക്കൊണ്ട്
ഉണർത്തും കണികളെ കവരും മനസ്സുകൾ.

സദ്യകൾ പലവിധം പ്രഥമൻ പപ്പടങ്ങൾ
ഒട്ടേറെ പഴങ്ങളും വറവിന്നുപ്പേരികൾ
ഭക്ഷണ സുഖത്തിന്നായോണക്കാലത്തെയോർക്കും
അത്തരമൊരു കാലം കാത്തിരക്കേണ്ടതുണ്ടോ

ജാതിയും മതങ്ങളും ഒന്നിച്ചുമാഘോഷിക്കും
ഏവരും പരസ്പരം സന്തോഷം പങ്കുവെക്കും
മത സൗഹാർദ്ദത്തിൻെറ ഉത്തമതത്വമല്ലോ
തിരുവോണ മഹോത്സവം മലയാളം മനോഹരം

- ഏ.കെ.എസ്. ആതവനാട്

മൊ. 09846327540

# അറ്റുപോയ കണ്ണികൾ

പ്രൊ. കെ.കെ. ഭാസ്കരൻ കളരിപ്പണിക്കർ(കുറുപ്പ്) സമുദായത്തിൻെറ സാമൂഹ്യ ചരിത്രം എന്ന രീതിയിൽ ചരിത്രത്തിലെ അറ്റുപോയ കണ്ണികൾ എന്ന ഒരു പുസ്തകം 2001-ജാനുവരിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേദകാലം, ജാതിയുടെ ആവിർഭാവം- കേരളത്തിൽ, കേരളത്തിലെ ജ്യോതിഷവും കണിയാനും, കളരിപ്പണിക്കരുടെ (കുറുപ്പിൻെറ) ഉത്ഭവം, കളരികൾ രൂപം കൊള്ളുന്നു, മദ്ധ്യകേരളത്തിലെ വിദ്യാഭ്യാസത്തിന് കളരിപ്പണിക്കർ ചെയ്ത സംഭാവന, കേരളത്തിലെ വിദ്യാഭ്യാസത്തിന് ബുദ്ധമതം നൽകിയ സംഭാവന, കളരിപ്പണിക്കരുടെ സാമൂഹിക ജീവിതത്തിലേക്ക് ഒരെത്തിനോട്ടം, 1931-ലെ കൊച്ചി രാജ്യ സെൻസസ് റിപ്പോർട്ട്, കണിയാൻെറ ആവിർഭാവം - കഥകൾ, കണിയാന് പ്രശംസയുടെ പൂച്ചെണ്ടുകൾ, കേരളീയ സംസകൃതത്തിൻെറ ജാതിമത നിരപേക്ഷത, പുനരവലോകനം, ഐതിഹ്യങ്ങൾ ബ്രാഹ്മണരുടെ സൃഷ്ടി എന്നിവയിലൂടെ കടന്ന് സമാനത്തിലൂടെ ജ്യോതിഷ വിഭാഗങ്ങളുടെ ചരിത്രം രേഖപ്പെടുത്തുന്നു.

ടി പുസ്തകത്തിൽ 4-ാം അദ്ധ്യായത്തിലെ "കളരിപ്പണിക്കരുടെ (കുറുപ്പ്) ഉത്ഭവം" എന്ന ശീർഷകത്തിൽ കളരിപ്പണിക്കരെക്കുറിച്ച് 1843-ൽ ഹെർമൻ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച കേരളോല്പത്തിയിലെ ഉദ്ധരണികൾ ചൂണ്ടികാട്ടുന്നുണ്ട്. 11-ാം അദ്ധ്യായത്തിൽ (പുറം 50) കണിയാൻെറ ആവിർഭാവം - കഥകൾ എന്ന ശീർഷകത്തിൽ തിരുവിതാംകൂറിൽ കണിയാനുണ്ടായിരുന്ന സാമൂഹീക സ്ഥാനം മാർക്കോ പോളോയുടെ പുസ്തകത്തിലെ ഉദ്ധരണികൾ ചൂണ്ടികാട്ടി വിവരിക്കുന്നുണ്ട്. വൈജ്ഞാനിക പ്രധാനമായ തൊഴിൽ ചെയ്തിരുന്ന കണിയാൻ എങ്ങിനെയാണ് ഒരു താഴ്ന്ന ജാതിയായത് എന്ന മലബാർ കളക്ടർ വിവശനായ കാര്യം മലബാർ മാമ്വൽ ഒന്ന ലോഗൻെറ പുസ്തകത്തിലെ പ്രതിപാദനങ്ങൾ അദ്ദേഹം ചൂണ്ടികാണിക്കുന്നുണ്ട്. ലേഖകൻെറപ്രസ്തുത വരികളിൽ ജ്യോതിഷം കൈകാര്യം ചെയ്തുവരുന്ന വിഭാഗങ്ങളുടെ താഴ്ന്ന സാമൂഹികതയെക്കുറഇച്ചുള്ള വേദന വ്യക്തമാകുന്നുണ്ട്.

കളരിക്കുറുപ്പ്(പണിക്കർ) വിഭാഗത്തെക്കൂടാതെ കണിയാൻ എന്ന ജ്യോതിഷ വിഭാഗത്തിനും ഈ ചരിത്ര പുസ്തകത്തിലെ പ്രതിപാദനങ്ങൾ ബാധകമാണ്. ജ്യോതിഷം കൈകാര്യം ചെയ്തുവരുന്ന ഈ വിഭാഗങ്ങൾ ഈ പുസ്തകം സമുദായത്തിൻെറ പ്രാഥമീക വിവരണങ്ങൾക്കായി വായിച്ചിരിക്കേണ്ടതാണ്.

ഏതൊരു ചരിത്രാന്വേഷിയും ചരിത്രകാരനും ചരിത്ര ലിഖിതാവും സങ്കുചിത മനോഭാവത്തോടെ ചരിത്രം എഴുതുവാൻ കഴിയുകയില്ല. സ്വന്തം സമുദായത്തോട് ചായ്വ് അനുഭവപ്പെടുക സ്വാഭാവികമാണ്.

നൂറ്റാണ്ടുകളായി ജ്യോതിഷം മുഖ്യ ജീവിതോപാധിയായി കൈകാര്യം ചെയ്തു വരുന്ന മധ്യകേരളത്തിലെ ഒരു ജനവിഭാഗത്തെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തുമ്പോൾ അവർ ചെയ്തുവരുന്ന മുഖ്യ തൊഴിലുമായി ബന്ധപ്പെട്ട് മറ്റു പല വിഭാഗങ്ങളേയും പ്രതിപാതിക്കേണ്ടിവരുക സ്വാഭാവികാണ്. അത്തരം പ്രതിപാദനങ്ങൾ മുൻവിധിയോടെ കണ്ടുകൊണ്ട് ദുഷ് പ്രചരണം നടത്തുകയെന്നത് അലംപത്തരമാണ് അത്തരം പരദൂഷണക്കാരൻ അല്പന്മാരുമാണ്.

പ്രൊ. കെ.കെ. ഭാസ്കരൻെറ അറ്റുപോയ കണ്ണികൾ എന്ന ഗ്രന്ഥം സത്യത്തിൽ ജ്യോതിഷ വിഭാഗങ്ങളുടെ ഭൂതകാലത്തേക്കുള്ള ഒരു ചൂട്ടുവെളിച്ചമായി പരിഗണിക്കാം.

- കളരി ഡോട്ട് കോം

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Deepesh Panicker, Bangalore (09741588111), Somakumar, Ahmedabad(09886812981),Chief Editor : Mukundan Kurup,Gujarat ( 09601484166),